# യോഹന്നാന്റെ ജീവപഠനം

## ദൂത് ആറ്

## ജീവന്റെ പ്രമാണം

പലരും ചിന്തിക്കുന്നതുപോലെ യോഹന്നാന്റെ സുവിശേഷം ലളിതമല്ല. യോഹന്നാൻ തന്റെ സുവിശേഷം എഴുതിയപ്പോൾ അവൻ നൂറു ശതമാനവും ആത്മാവായ പ്രാവിന്റെ, അഭിഷേകത്തിൻ കീഴിലായിരുന്നു. അങ്ങനെ, ഈ സുവിശേഷത്തിന്റെ രചന അത്ഭുതകരമാണ്. ഒന്നാം അദ്ധ്യായം ആകമാന പുസ്തകത്തിന് ഒരു അവതാരിക നൽകുന്നുവെന്ന് നാം കണ്ടു കഴിഞ്ഞു. ഒന്നാം അദ്ധ്യായത്തിലെ ആദ്യത്തെ പതിനെട്ട് വാക്യങ്ങൾ മാത്രമേ ഈ അവതാരികയിൽ ഉൾപ്പെടുന്നുള്ളൂ എന്ന് യോഹന്നാന്റെ സുവിശേഷത്തിന്റെ ചില വ്യാഖ്യാതാക്കൾ പറയുന്നുവെങ്കിലും, ഒന്നാം അദ്ധ്യായം മുഴുവൻ ഒരു അവതാരിക ആണെന്ന് കർത്താവ് നമുക്ക് കാണിച്ചു തന്നിരിക്കുന്നു. ഈ അവതാരിക കഴിഞ്ഞകാലനിത്യതയിൽ ആരംഭിച്ച് വരുംകാലനിത്യതയിൽ അവസാനിക്കുന്നു. കഴിഞ്ഞകാലനിത്യതയ്ക്കും വരുംകാലനിത്യതയ്ക്കും ഇടയിൽ കാലമെന്ന പാലമുണ്ട്; ആ പാലത്തിൽ ദൈവത്തിന്റെ നിത്യനിർണയത്തിന്റെ നിർവ്വഹണത്തിനായി അഞ്ച് പ്രധാനപ്പെട്ട കാര്യങ്ങൾ സംഭവിക്കുന്നു. കഴിഞ്ഞ ദൂതിൽ ഇത് വളരെ വ്യക്തമായി നാം കണ്ടു. യോഹന്നാൻ ഒന്നാം അദ്ധ്യായം യോഹന്നാന്റെ മുഴുവൻ സുവിശേഷത്തിന്റെയും ഒരു സംഗ്രഹം കൂടിയാണ്. സത്യത്തിൽ ഇത് മുഴുവൻ വേദപുസ്തകത്തിന്റെയും ഒരു സംഗ്രഹം ആണ്.

ഇപ്രകാരം സർവ്വവും ഉൾക്കൊള്ളുന്ന ഒരു അവതാരിക നമുക്ക് തന്നതിനുശേഷം ജീവൻ എന്ന വിഷയം വ്യക്തമാക്കുവാൻ അനേകം സംഭവങ്ങൾ യോഹന്നാൻ അവതരിപ്പിക്കുന്നു. യേശു തന്റെ ശിഷ്യന്മാരുടെ മുമ്പിൽ അനേക വലിയ അടയാളങ്ങൾ ചെയ്തെങ്കിലും (യോഹ.20:30-31), ജീവന്റെ കാര്യങ്ങൾ വ്യക്തമാക്കുന്നതിന് അവയിൽ പന്ത്രണ്ടെണ്ണത്തിൽ കൂടുതൽ യോഹന്നാൻ തിരഞ്ഞെടുത്തില്ല. മൂന്നാം അദ്ധ്യായത്തിൽ നിക്കോദേമൊസിന്റെ കാര്യത്തോടുകൂടെ

ആരംഭിച്ച് പതിനൊന്നാം അദ്ധ്യായത്തിൽ ലാസറിനെ ഉയിർപ്പിക്കുന്നതോടുകൂടെ അവസാനിപ്പിച്ച് ഒമ്പത് കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. വെള്ളം വീഞ്ഞാക്കുന്നത്, ദൈവാലയത്തിന്റെ ശുദ്ധീകരണം, കാലുകഴുകൽ എന്നീ സംഭവങ്ങൾ കൂടെ ചേർക്കുന്നുവെങ്കിൽ ആകെ പന്ത്രണ്ട് കാര്യങ്ങൾ നമുക്ക് കാണാം. യോഹന്നാന്റെ സുവിശേഷം മറ്റ് സുവിശേഷങ്ങളുമായി നിങ്ങൾ താരതമ്യം ചെയ്യുകയാണെങ്കിൽ യോഹന്നാനിലില്ലാത്ത അനേക കാര്യങ്ങൾ മറ്റുള്ളവയിലും, മറ്റുള്ളവയിലില്ലാത്തവ യോഹന്നാനിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് നിങ്ങൾ കണ്ടെത്തും. ഉദാഹരണത്തിന്, മത്തായിയും മർക്കൊസും ലൂക്കൊസും യേശു വെള്ളം വീഞ്ഞാക്കിയതിനെ കുറിച്ച് ഒന്നും പറയുന്നില്ല. വീണ്ടുംജനനത്തെ സംബന്ധിച്ച് നിക്കോദേമൊസിനോട് കർത്താവ് സംസാരിച്ചതിനെക്കുറിച്ച് അവർ ഒന്നും സൂചിപ്പിക്കുന്നില്ല. ഈ വ്യത്യാസങ്ങൾ യാദൃശ്ചികമാണെന്ന് ചിന്തിക്കരുത്. ദിവ്യ ലേഖകൻ ഓരോ സുവിശേഷവും ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്തു. യേശു, രാജാവും ക്രിസ്തുവുമാണെന്ന് തെളിയിക്കുക എന്ന ഒരു പ്രത്യേക ലക്ഷ്യത്തോടെ മത്തായി തന്റെ സുവിശേഷം എഴുതി. ഇത് തെളിയിക്കുന്നതിന് മത്തായി, യേശു യിസ്രായേലിന്റെ രാജാവും ദൈവത്തിന്റെ ക്രിസ്തുവുമാണെന്ന് തെളിയിക്കുന്ന ക്രിസ്തുവിന്റെ ജീവിതത്തിലെ ചില സംഭവങ്ങളും കാര്യങ്ങളും തിരഞ്ഞെടുത്തു. മനുഷ്യകുലത്തിന്റെ രക്ഷകനായിട്ട് യേശുവിനെ കാണിക്കണമെന്നുള്ളതായിരുന്നു ലൂക്കൊസിന്റെ ലക്ഷ്യം. ആയതിനാൽ യേശു രക്ഷകനാണെന്ന് തെളിയിക്കുവാൻ പറ്റിയ സംഗതികൾ അവൻ തിരഞ്ഞെടുത്തു. ഉദാഹരണത്തിന് മുടിയനായ പുത്രന്റെ കഥ ലൂക്കൊസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മത്തായിയിലോ മർക്കോസിലോ യോഹന്നാനിലോ ഇല്ല. എന്തുകൊണ്ട് ഈ കഥ ലൂക്കൊസിൽ രേഖപ്പെടുത്തിയിരിക്കുന്നു? കാരണം യേശു രക്ഷകനാണെന്ന് ഈ കഥ തെളിയിക്കുന്നു. ലൂക്കൊസിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു സംഭവം, കർത്താവ് തന്റെ രാജ്യത്തിൽ വരുമ്പോൾ തന്നെയും ഓർക്കണമേയെന്ന് അവനോട് അപേക്ഷിച്ച ക്രൂശിലെ കള്ളന്റേതാണ് (ലൂക്കൊ.23:39-43). മരിച്ചുകൊണ്ടിരുന്ന ആ കള്ളനോട്,"ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും"(ലൂക്കൊ.23:43) എന്നുള്ള കർത്താവിന്റെ മറുപടിയും ലൂക്കൊസ് നമ്മോടു പറയുന്നു. മത്തായിയോ മർക്കൊസോ യോഹന്നാനോ ഇത്തരത്തിലുള്ള വിവരണം നമുക്ക് നൽകുന്നില്ല. ഇതേ തത്ത്വത്തിൽ, യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സംഭവങ്ങളും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ജീവനാണ് ക്രിസ്തുവെന്ന് തെളിയിക്കുന്നു. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ വെള്ളം വീഞ്ഞാക്കിയ സംഭവം (2:1-11) കേവലം ഒരു കഥയുടെ വിവരണമല്ലെന്ന് നാം മനസ്സിലാക്കണം. ഇതിന് പ്രത്യേക പ്രാധാന്യമുള്ള ഒരു ആത്മീയ അർത്ഥമുണ്ട്.

ഇപ്പോൾ ഈ സംഭവത്തിന്റെ ആത്മീയ പൊരുൾ നമുക്ക് കണ്ടുപിടിക്കേണ്ടതുണ്ട്.

## I.ജീവന്റെ പ്രമാണം- മരണത്തെ ജീവനായി മാറ്റുക

യേശു വെള്ളം വീഞ്ഞാക്കിയ കഥ ഞാൻ ആദ്യമായി കേട്ടപ്പോൾ, ഈ സംഭവത്തിന്റെ പിന്നിലുള്ള അർത്ഥം എനിക്കു മനസ്സിലായില്ല. ഇത് വെറുമൊരു കഥയല്ല, ജീവന്റെ പ്രമാണം സ്ഥാപിക്കുവാൻ കർത്താവായ യേശു സാധിച്ചതായ ഒരു സംഭവമായിരുന്നുവെന്ന് പിന്നീട് എനിക്കു മനസ്സിലായി. എന്താണ് ജീവന്റെ പ്രമാണം? മരണത്തെ ജീവനായി മാറ്റുക എന്നുള്ളതാണ് ജീവന്റെ പ്രമാണം. മൂന്നു മുതൽ പതിനൊന്നു വരെയുള്ള അദ്ധ്യായങ്ങളിലെ ഒമ്പതു സംഭവങ്ങളിൽ ഓരോന്നിലുമുള്ള പ്രമാണം മരണത്തെ ജീവനായി മാറ്റുക എന്നതാണ്. ലാസറിന്റെ സംഭവത്തിൽ ഇത് പ്രത്യേകം വ്യക്തമാണ്. ലാസർ മരിച്ച് അടക്കപ്പെട്ടിട്ട് നാലു ദിവസമായിരുന്നു. അവന് നാറ്റം പോലും വച്ചിരുന്നു. അവൻ അടിമുടി, അകവും പുറവും, മരണം നിറഞ്ഞവൻ ആയിരുന്നു. അവന്റെ ആളത്തത്തിന്റെ ഓരോ അടുക്കിലും ഓരോ മൂലയിലും മരണമല്ലാതെ മറ്റൊന്നുമില്ലായിരുന്നു. ലാസർ രോഗബാധിതനാണെന്ന് കർത്താവായ യേശു മനസ്സിലാക്കിയിട്ടും അവൻ ലാസറിനെ കാണുവാൻ പോയില്ലെന്ന് പതിനൊന്നാം അദ്ധ്യായത്തിൽനിന്നും നമുക്ക് മനസ്സിലാക്കാം. അവൻ മരണംകൊണ്ട് നിറയുന്നതുവരെ, അവൻ മരിച്ച് അടക്കപ്പെടുന്നതുവരെ, യേശു കാത്തിരുന്നു. പിന്നെ, ലാസറിനെ മരണത്തിൽനിന്ന് ഉയിർപ്പിക്കുവാൻ അവൻ വന്നു. ആ സംഭവത്തിൽ ജീവന്റെ തത്ത്വം നാം പ്രയോഗിക്കുകയാണെങ്കിൽ യേശു മരണത്തെ ജീവനായി മാറ്റി എന്ന് നാം കാണുന്നു.

അവസാനത്തെ കാര്യമായ ലാസറിന്റേതിൽ മാത്രമല്ല, ആദ്യത്തെ കാര്യമായ നിക്കോദേമൊസിന്റേതിലും ഈ തത്ത്വം ബാധകമാണ്. നിക്കോദേമൊസ് മരണം നിറഞ്ഞ ഒരു വ്യക്തി അല്ലായിരുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? അവൻ പൂർണ്ണമായും മരിച്ചവനായിരുന്നതുകൊണ്ട്, കർത്താവ് അവനോട് നിത്യജീവൻ, അതായത്, ദൈവത്തെതന്നെ ലഭിക്കുന്നതിന് അവൻ വീണ്ടുംജനിക്കണമെന്ന് പറഞ്ഞു(3:3,56). ഒരർത്ഥത്തിൽ, നിക്കോദേമൊസ് ജീവിക്കുകയായിരുന്നു, എന്നാൽ ദൈവദൃഷ്ടിയിൽ, അവൻ ഒരു ജീവിക്കുന്ന മരിച്ച വ്യക്തി ആയിരുന്നു. ദൈവദൃഷ്ടിയിൽ, നിക്കോദെമൊസ് മരിച്ചവനായിരുന്നു. അവന്റെ മരണം ജീവനായി മാറ്റേണ്ടത് അവന്റെയും ആവശ്യമായിരുന്നു. നിക്കോദേമൊസ്, താൻ മരിച്ചവനാണെന്ന് ഒട്ടും മനസ്സിലാക്കിയില്ല. അതുപോകട്ടെ, താൻ പാപി ആയിരുന്നു എന്നു

പോലും മനസ്സിലാക്കിയില്ല. എന്നിരുന്നാലും, ദൈവദൃഷ്ടിയിൽ, അവൻ പാപം നിറഞ്ഞവനും സർപ്പസ്വഭാവമുള്ളവനും മരിച്ചവനുമായിരുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തിക്ക്, മരണത്തിൽനിന്ന് ജീവനിലേക്കുള്ള മാറ്റം ആവശ്യമായിരുന്നു.

ഇതേ കാര്യം നാലാം അദ്ധ്യായത്തിലെ ശമര്യസ്ത്രീയുടെ കാര്യത്തിലും സത്യമാണ്. ശമര്യസ്ത്രീ ദാഹം ഉള്ളവളായിരുന്നു. ദാഹം മരണത്തിന്റെ അടയാളവുമാണ്. നിങ്ങൾക്ക് ദാഹമുള്ളപ്പോൾ അതിനർത്ഥം നിങ്ങൾ മരിക്കുവാൻ പോകുന്നു എന്നാണ്. നിങ്ങൾ ദാഹമുള്ളവനാണെന്ന സത്യം സൂചിപ്പിക്കുന്നത് നിങ്ങളിൽ മരണത്തിന്റെ മൂലകം ഉണ്ടെന്നാണ്. കർത്താവായ യേശുവിനു മാത്രമേ ഈ ദാഹം ശമിപ്പിക്കുവാൻ കഴിയുകയുള്ളൂ. ദാഹം ശമിപ്പിക്കുക എന്നാൽ മരണത്തെ ജീവനായി മാറ്റുക എന്നാണ്. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സംഭവങ്ങളെ സംബന്ധിച്ചും ഇങ്ങനെയാകുന്നു. ഓരോ സംഭവവും വെള്ളം വീഞ്ഞാക്കുന്ന സംഭവത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന തത്ത്വം, മരണത്തെ ജീവനാക്കി മാറ്റുന്ന തത്ത്വം വിവരിക്കുന്നു.

## A. പുനരുത്ഥാനത്തിൽ യേശു തളർന്നവരും ദുർബലരുമായ ജനത്തിന്റെ അടുക്കലേക്ക് അവരുടെ മനുഷ്യജീവിതത്തിന്റെ ആസ്വാദനത്തിൽ വരുന്നു

ഇനിയും തളർന്നവരും ദുർബലരുമായ ജനത്തിന്റെ അടുക്കലേക്ക് പുനരുത്ഥാനത്തിൽ യേശു വരുന്നത് നാം കാണണം. "യേശു അതുവരെയും ക്രൂശിക്കപ്പെടാതിരുന്നതുകൊണ്ട് പുനരുത്ഥാനത്തിൽ വരുവാൻ യേശുവിന് എങ്ങനെ കഴിഞ്ഞു? ഇതു പറയുന്നത് ദൃഷ്ടാന്തീകരണമാണ്" എന്ന് ചിലർ ചോദിച്ചേക്കാം. അതെ, വെള്ളത്തെ വീഞ്ഞായി മാറ്റുന്ന കഥ മുഴുവൻ ഒരു ദൃഷ്ടാന്തമാണ്; നാം ഇതിന്റെ ഓരോ ഭാഗവും ദൃഷ്ടാന്തീകരിക്കണം.

### *1. മൂന്നാം നാൾ ഉയിർപ്പിൽ എന്ന് സൂചിപ്പിക്കുന്നു*

ഈ അടയാളം നടന്ന ദിവസം "മൂന്നാം നാൾ" ആയിരുന്നു (2:1). "മൂന്നാം നാൾ" പുനരുത്ഥാന ദിവസത്തെ സൂചിപ്പിക്കുന്നു. യോഹന്നാൻ 1-ൽ "പിറ്റെന്നാൾ" എന്ന വാക്ക് 29-ഉം 35-ഉം 43-ഉം വാക്യങ്ങളിൽ മൂന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അദ്ധ്യായം 1-ൽ "പിറ്റെന്നാൾ" എന്ന് മൂന്നു പ്രാവശ്യം പറയുകയും, പിന്നെ 2:1-ൽ "മൂന്നാം നാളി" നെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? രണ്ടാം അദ്ധ്യായത്തിലെ "മൂന്നാം നാൾ" യഥാർത്ഥത്തിൽ മൂന്നാം നാൾ എന്നു പറഞ്ഞുകൊണ്ട് വിളിക്കപ്പെടരുത്. അത് അഞ്ചാം നാളാണ്. "യോഹന്നാൻ സഹോദരാ, താങ്കൾക്കൊരു തെറ്റുപറ്റി. താങ്കൾക്ക് മൂന്ന് പിറ്റെന്നാൾ ഉണ്ട്. അതുകൊണ്ട് 2:1-ൽ പറഞ്ഞിരിക്കുന്ന ദിവസം

അഞ്ചാം നാളായിരിക്കണം"എന്ന് പറഞ്ഞുകൊണ്ട് ഒരുപക്ഷേ നിങ്ങൾ യോഹന്നാന്റെ അടുക്കൽ ചെന്ന് അവനോട് വാദിക്കണം. യോഹന്നാൻ ഇങ്ങനെ മറുപടി പറയും,"പ്രിയ സഹോദരാ, അതു കൊണ്ടാണ് രണ്ടാം അദ്ധ്യായത്തിലെ ദിവസത്തെ മൂന്നാം നാൾ എന്നു വിളിക്കുന്നതു വരെ ഒന്നാം അദ്ധ്യായത്തിൽ രണ്ടാം നാൾ, മൂന്നാം നാൾ, നാലാം നാൾ എന്നു പറയാതെ ഓരോ ദിവസത്തെയും പിറ്റെന്നാൾ എന്നു ഞാൻ വിളിച്ചത്."ഒന്നാം അദ്ധ്യായത്തിലെ 'പിറ്റെന്നാളു'കളിൽ നടന്ന സംഭവങ്ങളൊന്നും പുനരുത്ഥാനത്തിൽ ആയിരുന്നില്ല.

അദ്ധ്യായം 1-ലെ മൂന്ന് "പിറ്റെന്നാളു"കളിലേക്ക് നമുക്ക് നോക്കാം. "പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് അവൻ കണ്ടിട്ട്, ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു"(വാ.29). അത് പുനരുത്ഥാനത്തിൽ ആയിരുന്നോ? തീർച്ചയായിട്ടും അല്ല. അത് പുനരുത്ഥാനത്തിൽ ആയിരുന്നുവെന്ന് നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും?"പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടു പേരുമായി അവിടെ നിൽക്കുമ്പോൾ, കടന്നുപോകുന്ന യേശുവിനെ നോക്കിയിട്ട്, ഇതാ ദൈവത്തിന്റെ കുഞ്ഞാട്! എന്നു പറഞ്ഞു"(വാ.35-36). ഇത് രണ്ടാമത്തെ പിറ്റെന്നാളിൽ ആയിരുന്നു സംഭവിച്ചതെങ്കിലും ഇത്"മൂന്നാം നാളിൽ" അല്ല നടന്നത്. മൂന്നാമത്തെ പിറ്റെന്നാൾ 43-ാം വാക്യത്തിൽ കാണാം. "പിറ്റെന്നാൾ അവൻ ഗലീലിയയിലേക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ, ഫിലിപ്പോസിനെ കണ്ടു; എന്നെ അനുഗമിക്കുക എന്ന് അവനോടു പറഞ്ഞു."ഇത് "മൂന്നാം നാളി"ൽ സംഭവിച്ചില്ല, കാരണം"മൂന്നാം നാൾ"എന്നത് ഉയിർപ്പിന്റെ ദിവസമാകുന്നു. ഒന്നാം അദ്ധ്യായത്തിൽ കാണിച്ചിരിക്കുന്ന സംഭവങ്ങൾ ഒന്നും"മൂന്നാം നാൾ"അതായത്, പുനരുത്ഥാനത്തിൽ അല്ലായിരുന്നു സംഭവിച്ചത്. രണ്ടാം അദ്ധ്യായത്തിൽ വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്ന കാര്യത്തിൽ വരുമ്പോൾ മാത്രമേ "മൂന്നാം നാൾ"എന്ന് പ്രസ്താവിച്ചിരിക്കുന്നത് നാം കാണുന്നുള്ളൂ.

### *2. ഞാങ്ങണകളുടെ ദേശമായ"കാനാ," തളർന്നവരും ദുർബലരുമായ ജനത്തിന്റെ സ്ഥലത്തെ സൂചിപ്പിക്കുന്നു*

യോഹന്നാൻ 2 -ൽ, യേശു തളർന്നവരും ദുർബലരുമായ ജനത്തിന്റെ അടുക്കലേക്ക് വന്നുവെന്ന് നമുക്ക് എങ്ങനെ അറിയാം? അവൻ കാനാവിലേക്ക് പോയി എന്ന വസ്തുതയിൽനിന്ന് ഇത് നമുക്ക് അറിയാം."കാനാ"യുടെ അർത്ഥം എബ്രായ ഭാഷയിൽ ഞാങ്ങണകളുടെ ദേശം"എന്നാണ്. തിരുവെഴുത്തിൽ ഞാങ്ങണ ദുർബലരായ ജനത്തെ സൂചിപ്പിക്കുന്നു. നാം ദുർബലരായ ജനം,"ചതഞ്ഞ ഓട"യാണ്; അത് കർത്താവ് ഒടിച്ചു കളയുകയില്ല എന്ന് യെശയ്യാവും, മത്തായിയും

പറയുന്നു(യെശ.42:3; മത്ത.12:20). മത്തായി 11:7-ൽ യോഹന്നാൻ സ്നാപകനെപ്പറ്റി കർത്താവ് യെഹൂദന്മാരോട് ഇങ്ങനെ ചോദിച്ചു, “അവർ മരുഭൂമിയിലേക്ക് പോയത് കാറ്റിനാൽ ഉലയുന്ന ഒരു ഓട കാണാനായിരുന്നോ,”എന്ന്. തീർച്ചയായും, യോഹന്നാൻ സ്നാപകൻ കാറ്റിന് ഉലയ്ക്കുവാൻ കഴിയുന്ന തളർന്നവനും ദുർബലനുമായ ഒരു വ്യക്തി ആയിരുന്നില്ല. അതുകൊണ്ട്, ഞാങ്ങണകളുടെ ദേശമായ കാനാ, ഭൂമിയെ കുറിക്കുന്നു. സർവ്വലോകവും തളർന്നവരും ദുർബലരുമായ ജനത്തെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഒരു കാനായാണ്; അവരിലേക്ക് കർത്താവ് വന്നു. കർത്താവിന്റെ കാനായിലേക്കുള്ള വരവ്, തളർന്നവരും ദുർബലരുമായ ജനത്തിന്റെ ഇടയിലേക്കുള്ള അവന്റെ വരവിനെ സൂചിപ്പിക്കുന്നു. ഭൂമിയിലുള്ള ജനം ഞാങ്ങണകൾ പോലെ തളർന്നവരും ദുർബലരുമായിരുന്നിട്ടും പുനരുത്ഥാനത്തിൽ കർത്താവ് അവരിലേക്ക് വന്നു.

### *3. “ഗലീല” നിന്ദിക്കപ്പെട്ട ഒരു സ്ഥലം*

യോഹന്നാൻ 2-ൽ വിവാഹത്തിന് യേശു വന്നത് ഗലീലയിലെ കാനാവിലായിരുന്നു. ഗലീല ജനങ്ങൾ നിന്ദിച്ച ഒരു സ്ഥലമായിരുന്നു (7:52). നിന്ദിക്കപ്പെട്ട സ്ഥലം എന്ന നിലയിൽ ഗലീല ലോകത്തിന്റെ താണതരത്തിലുള്ളതും നിന്ദ്യവുമായ അവസ്ഥയെ സൂചിപ്പിക്കുന്നു.

### *4. വിവാഹം മനുഷ്യജീവിതത്തിന്റെ തുടർച്ചയെയും, വിവാഹവിരുന്ന് മനുഷ്യജീവിതത്തിലെ ആസ്വാദനത്തെയും സൂചിപ്പിക്കുന്നു*

നാം വിവാഹവും വിവാഹ വിരുന്നും ദൃഷ്ടാന്തീകരിക്കണം. മനുഷ്യജീവിതത്തിൽ വിവാഹം പ്രധാനവും അത്യന്താപേഷിതവുമാണ്, കാരണം അതു കൂടാതെ മനുഷ്യജീവിതം തടസ്സപ്പെടുന്നു. നിങ്ങൾ വിവാഹം ഉപേക്ഷിക്കുന്നുവെങ്കിൽ നിങ്ങൾ മനുഷ്യജീവിതം അവസാനിപ്പിക്കുകയാണ്. മനുഷ്യജീവിതത്തിന്റെ തുടർച്ചയെ ആണ് വിവാഹം സൂചിപ്പിക്കുന്നത്. എന്താണ് വിവാഹവിരുന്ന് സൂചിപ്പിക്കുന്നത്? അത് ജീവിതത്തിന്റെ ആസ്വാദനത്തെയും സന്തോഷത്തെയും സൂചിപ്പിക്കുന്നു. വിവാഹത്തെക്കാൾ കൂടുതൽ .സന്തോഷകരമായ സന്ദർഭം ഭൂമിയിൽ വേറെയില്ല. ദുഃഖിച്ചു വിലപിക്കുന്നവരെ വിവാഹസമയത്ത് എപ്പോഴെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? ഒരു വിവാഹത്തിന് ഇപ്രകാരം നിങ്ങൾ കരഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ മര്യാദയും സംസ്കാരവും ഇല്ലാത്തവനാണ് എന്നാണ്. നേരെ മറിച്ച് ഒരു ശവസംസ്കാരത്തിൽ നിങ്ങൾ പങ്കെടുക്കുമ്പോൾ, നിങ്ങൾക്ക് സന്തോഷിക്കുവാൻ അനുവാദമില്ല. എങ്കിലും, ഒരു വിവാഹത്തിൽ പങ്കെടുക്കുമ്പോൾ നിങ്ങൾ സന്തോഷിക്കണം. മനുഷ്യസംസ്കാരമനുസരിച്ച് ഒരു വിവാഹം സന്തോഷമുള്ള ഒരു സന്ദർഭമാണ്.

### *5. വീഞ്ഞ്, മനുഷ്യജീവിതമെന്നപോലെ, ആസ്വാദനത്തിന്റെ അടിസ്ഥാന ഘടകത്തെ സൂചിപ്പിക്കുന്നു*

വിവാഹവിരുന്ന്, പുരാതനകാലത്തോ, ഇപ്പോഴോ, കിഴക്കൻ പ്രദേശത്തോ പടിഞ്ഞാറൻ പ്രദേശത്തോ ആയാലും പ്രധാനമായും വീഞ്ഞിനെ ആശ്രയിച്ചിരിക്കുന്നു; മനുഷ്യന്റെ സന്തോഷമെല്ലാം ജീവനെ ആശ്രയിച്ചിരിക്കുന്നു എന്നതിന്റെ സൂചനയാണ് ഇത്. വെള്ളത്തിൽനിന്നു വ്യത്യസ്തമായി വീഞ്ഞിന്റെ ഉറവിടം മുന്തിരി ആയതുകൊണ്ട് അത് ജീവനുള്ള ഒന്നിൽനിന്നു വരുന്നു. മുന്തിരിയിൽനിന്നുള്ള വീഞ്ഞ് മുന്തിരിയുടെ ജീവനായതുകൊണ്ട്, വീഞ്ഞ് ജീവനെ സൂചിപ്പിക്കുന്നു. ഇപ്രകാരം, മനുഷ്യന്റെ ആസ്വാദനം മനുഷ്യന്റെ ജീവനെ ആശ്രയിച്ചിരിക്കുന്നു. ജീവൻ അവസാനിക്കുമ്പോൾ എല്ലാ ആസ്വാദനവും ഇല്ലാതാകുന്നു.

## B. അവരുടെ മനുഷ്യജീവൻ തീർന്നുപോകുകയും അവർ മരണത്താൽ നിറയുകയും ചെയ്യുന്നു

വിവാഹാഘോഷം വളരെ സന്തോഷപൂർണ്ണമായ സന്ദർഭമാണെങ്കിലും, അതിന്റെ സന്തോഷം താൽക്കാലികമാണ്. ഒരു വിവാഹാഘോഷവും ഏറെ നീണ്ടു നിൽക്കുന്നില്ല. അടുത്ത കാലത്ത് ഞാൻ ഒരു വിവാഹാഘോഷത്തിൽ പങ്കെടുത്തു, അത് അരമണിക്കൂറിൽ അല്പം കൂടുതലേ നീണ്ടുനിന്നുള്ളൂ. അരമണിക്കൂർ മാത്രമേ ഞങ്ങൾ അവിടെ സന്തോഷിച്ചുള്ളൂ. ഇതാണ് മനുഷ്യന്റെ വിവാഹം, മനുഷ്യന്റെ ആസ്വാദനം.

Wed

### *1. വീഞ്ഞ് തീർന്നുപോയി*

ആ വിവാഹ വിരുന്നിന്റെ ആസ്വാദനത്തിലെ മുഖ്യവസ്തുവായ വീഞ്ഞ് തീർന്നുപോയി(2:3). മനുഷ്യജീവൻ ഇല്ലാതാകുമ്പോൾ മനുഷ്യജീവിതത്തിന്റെ ആസ്വാദനവും അവസാനിക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു. വീഞ്ഞു തീരുമ്പോൾ വിവാഹവിരുന്നിന്റെ സന്തോഷം പോകുന്നു. ഇത് സൂചിപ്പിക്കുന്നത് ജീവിതത്തിന്റെ ആസ്വാദനം തീരുന്നു എന്നു മാത്രമല്ല, മനുഷ്യജീവിതം അവസാനിക്കുന്നു എന്നും ആണ്. എത്രമാത്രം സന്തോഷം നിങ്ങൾ ആസ്വദിച്ചുകൊണ്ടിരുന്നാലും, നിങ്ങളുടെ മനുഷ്യജീവൻ അവസാനിക്കുമ്പോൾ, നിങ്ങളുടെ എല്ലാ മാനുഷികാസ്വാദനവും അവസാനിക്കുന്നു. നിങ്ങളുടെ ഭാര്യ, നിങ്ങളുടെ ഭർത്താവ്, നിങ്ങളുടെ മാതാപിതാക്കൾ, നിങ്ങളുടെ മക്കൾ, നിങ്ങളുടെ ജോലി, ഇവയെല്ലാം എത്ര നന്നായിരുന്നാലും നിങ്ങളുടെ ജീവിതം അവസാനിക്കുന്നുവെങ്കിൽ നിങ്ങളുടെ ആഹ്ലാദവും തീരുന്നു. വിരുന്ന്, വീഞ്ഞിനെ ആശ്രയിച്ചിരിക്കുന്നതിനാൽ, വീഞ്ഞ് തീർന്നപ്പോൾ വിരുന്നും കഴിഞ്ഞു. നിങ്ങളുടെ എല്ലാ ആസ്വാദനവും നിങ്ങളുടെ

ജീവനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങളുടെ ജീവിതം അവസാനിക്കുന്നുവെങ്കിൽ നിങ്ങളുടെ ആസ്വാദനം അവസാനിക്കുന്നു. നിങ്ങൾ ഏതു തരത്തിലുള്ള വിവാഹാഘോഷത്തിലാണെങ്കിലും, നിങ്ങളുടെ മനുഷ്യജീവൻ തീർന്നുപോകുമ്പോൾ നിങ്ങളുടെ വിവാഹാഘോഷവും അവസാനിക്കുകയും ആസ്വാദനം തീരുകയും ചെയ്യുന്നു. അതാണ് ആ ദിവസം ഗലീലയിലെ കാനാവിൽ സംഭവിച്ചത്.

കാനാവിൽ പോകുന്നതിനു മുമ്പ് വീഞ്ഞു തീർന്നുപോകുമെന്ന് കർത്താവായ യേശു മനസ്സിലാക്കിയെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലയോ? തീർച്ചയായും ആ സമയത്തിനു മുമ്പ് അവൻ അത് അറിഞ്ഞിരുന്നു. അക്കാരണത്താലാണ് അവൻ കാനാവിലേക്ക് പോയത്. വീഞ്ഞ് യാദൃശ്ചികമായി തീർന്നുപോയതല്ല. കർത്താവായ യേശു വീഞ്ഞ് തീർന്നുപോകുമെന്ന് നേരത്തെതന്നെ മനസ്സിലാക്കിയിട്ട് മരണത്തെ ജീവനായി മാറ്റുന്ന ജീവന്റെ തത്ത്വം സ്ഥാപിക്കുവാൻ കാനാവിലേക്ക് പോയി. അവൻ വിവാഹ വിരുന്നിനു വന്നതുവഴിയായി അവിടത്തെ സാഹചര്യത്തോട് ഇടപെടുകയും പുനഃസ്ഥാപിക്കുകയും ചെയ്തു. ഏലീശ ഉപ്പുവെള്ളത്തെ ശുദ്ധമാക്കിയതുപോലെ(2 രാജാ. 2:19-22) കർത്താവ് മാനുഷികാവസ്ഥയിലെ മരണത്തെ ജീവനാക്കി മാറ്റി.

കർത്താവ് ലോകത്തിലേക്കു വന്നപ്പോൾ, മാനുഷികാസ്വാദനം ഉണ്ടായിരുന്നുവെങ്കിലും അത് നിലനിൽക്കാത്ത ഒരു സാഹചര്യത്തിലേക്കായിരുന്നു അവൻ വന്നത്. മനുഷ്യജീവന്റെ മരണം എല്ലാ മാനുഷികാസ്വാദനത്തെയും അവസാനിപ്പിക്കുന്ന ഒരു സാഹചര്യത്തിലേക്കായിരുന്നു അവൻ വന്നത്. വെള്ളത്തെ വീഞ്ഞാക്കി മാറ്റിയ അടയാളം ദൃഷ്ടാന്തമായി നാം മനസ്സിലാക്കണം. ഉദാഹരണത്തിന്, നമുക്ക് അറുപതിനുമേൽ പ്രായം ഉണ്ടെങ്കിൽ വീഞ്ഞു മിക്കവാറും തീർന്ന സമയത്തോട് നാം സമീപിച്ചിരിക്കുന്നു. നമ്മുടെ വീഞ്ഞ് ഏതാണ്ട് തീരുമ്പോൾ വിവാഹവിരുന്ന് വേഗത്തിൽ തീരുമെന്ന് നാം അറിയുന്നു. എന്നാൽ കർത്താവിന് സ്തോത്രം, ഇങ്ങനെയുള്ള ഒരു സമയത്ത് കർത്താവ് നമ്മുടെ സാഹചര്യത്തിലേക്ക് വരുന്നു. നമ്മുടെ വിവാഹവിരുന്നിൽ നമുക്ക് കർത്താവുണ്ട്! അവന് വെള്ളം വീഞ്ഞാക്കി മാറ്റാൻ സാധിക്കും എന്നതിനാൽ നാം ഭയപ്പെടേണ്ട ആവശ്യമില്ല.

### *2. "ആറ് കല്പാത്രങ്ങൾ"*

അത്ഭുതം ചെയ്യുന്നതിനു മുമ്പ്, പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാൻ കർത്താവ് ആളുകളോട് പറഞ്ഞു(2:6-7). കല്ലിൽ നിർമ്മിക്കപ്പെട്ട ഈ തണ്ണീർ പാത്രങ്ങൾ ആറെണ്ണം ഉണ്ടായിരുന്നു. മനുഷ്യനെ സൃഷ്ടിച്ചത് ആറാം ദിവസമായിരുന്നതുകൊണ്ട് ആറ് എന്ന അക്കം സൃഷ്ടിക്കപ്പെട്ട മനുഷ്യനെ പ്രതിനിധാനം ചെയ്യുന്നു(ഉല്പ.1:27,31). അതുകൊണ്ട്, ഈ ആറ് കല്പാത്രങ്ങൾ ആറാം ദിവസം സൃഷ്ടിക്കപ്പെട്ട പ്രാകൃതമനുഷ്യനെ സൂചിപ്പിക്കുന്നു. സ്വാഭാവികമായി പറഞ്ഞാൽ, നാം"കല്പാത്രങ്ങൾ,"എന്തെങ്കിലും ഉൾക്കൊള്ളു

വാനുള്ള പാത്രങ്ങൾ, മാത്രമാണ്."കല്പാത്രങ്ങൾ"ആകുന്ന നാം, തളർന്നവരും ദുർബലരുമായ ജനം നിറഞ്ഞ ഞാങ്ങണകളുടെ ദേശമായ കാനാവിൽ ആയിരുന്നു. നാം കാനാവിലെ ക്ഷീണിതരും ദുർബലരുമായ കല്പാത്രങ്ങൾ ആയിരുന്നു.

### *3. വെള്ളം കൊണ്ടുള്ള "യെഹൂദന്മാരുടെ ശുദ്ധീകരണാചാരങ്ങൾ"*

യെഹൂദ മതത്തിന്റെ ഒരു അനുഷ്ഠാനമായ, യെഹൂദ ശുദ്ധീകരണാചാരങ്ങളിൽ കല്പാത്രങ്ങൾ ഉപയോഗിച്ചിരുന്നു(2:6). വെള്ളം കൊണ്ടുള്ള യെഹൂദന്മാരുടെ ശുദ്ധീകരണാചാരങ്ങൾ ജീവനില്ലാത്ത ചില അനുഷ്ഠാനങ്ങളാൽ ജനത്തെ ശുദ്ധീകരിക്കുന്നതിനുള്ള മതത്തിന്റെ ഉദ്യമത്തെ സൂചിപ്പിക്കുന്നു. പുരാതന യെഹൂദന്മാർ, ദൈവാരാധനയിൽ തങ്ങളെത്തന്നെ വൃത്തിയുള്ളവരും നിർമ്മലരുമായി കഴുകി സൂക്ഷിക്കുന്നതിൽ ശ്രദ്ധിച്ചു. കർത്താവ്, നേരേമറിച്ച്, മരണത്തെ ജീവനായി മാറ്റുന്നു. വെള്ളത്താലുള്ള ശുദ്ധീകരണാചാരം ബാഹ്യവും ജീവനില്ലാത്തതുമാണ്. എന്നാൽ മരണത്തെ ജീവനായി മാറ്റുന്ന കർത്താവിന്റെ പ്രവൃത്തി ആന്തരികവും ജീവൻ നിറഞ്ഞതുമാണ്.

### *4. കല്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുക*

കല്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാൻ കർത്താവ് ശുശ്രൂഷകരോട് പറഞ്ഞു, അവർ അതിന്റെ വക്കോളം നിറച്ചു(2:7). ഇതിന്റെ അർത്ഥം എന്താണ്? നാം കാണുവാനിരിക്കുന്നതു പോലെ, മനുഷ്യൻ മരണത്താൽ നിറഞ്ഞിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. കല്പാത്രങ്ങൾ, അതായത്, ആറാം ദിവസം സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗ്ഗം മരണജലത്താൽ നിറഞ്ഞിരിക്കുന്നു.

## C. യേശു അവരുടെ മരണം നിത്യജീവനായി മാറ്റുന്നു

### *1. വെള്ളം മരണത്തെ സൂചിപ്പിക്കുന്നു*

ആറു പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാൻ കർത്താവ് ആളുകളോട് കല്പിച്ചപ്പോൾ, സ്വാഭാവിക മനുഷ്യൻ മരണംകൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് അത് കാണിച്ചു. തിരുവെഴുത്തുകളിൽ വെള്ളത്തിന് രണ്ട് പ്രതീകാത്മക അർത്ഥങ്ങൾ ഉണ്ട്. ചില സംഭവങ്ങളിൽ ഇത് ജീവനെയും(യോഹ.4:14,6; 7:38), മറ്റുള്ളവയിൽ മരണത്തെയും സൂചിപ്പിക്കുന്നു (ഉല്പ.1:2,6; പുറ.14:21; മത്താ.3:16). ഉല്പത്തി 1-ലെ വെള്ളവും സ്നാനജലവും മരണത്തെ സൂചിപ്പിക്കുന്നു. ഈ സംഭവത്തിലും, വെള്ളം മരണത്തെ സൂചിപ്പിക്കുന്നു. കല്പാത്രങ്ങളിലെല്ലാം നിറയെ വെള്ളമായിരുന്നു എന്നത്, സ്വാഭാവികമായി എല്ലാ മനുഷ്യരും മരണത്താൽ നിറഞ്ഞിരിക്കുന്നു എന്ന് അർത്ഥമാക്കുന്നു. കല്പാത്രങ്ങൾ വക്കോളവും വെള്ളംകൊണ്ട് നിറഞ്ഞിരുന്നതുപോലെ നാമും മരണത്താൽ നിറഞ്ഞിരുന്നു.

### *2. മുന്തിരിയുടെ ജീവസത്തായ വീഞ്ഞ്, ജീവനെ സൂചിപ്പിക്കുന്നു*

കർത്താവായ യേശു അത്ഭുതകരമായി ഈ മരണജലത്തെ വീഞ്ഞാക്കി മാറ്റി(2:8-9). ഈ അത്ഭുതം കർത്താവായ യേശുവിന് ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുവാൻ കഴിയും എന്നു മാത്ര മല്ല(റോമ.4:17), മരണത്തെ ജീവനായി മാറ്റുവാൻ കഴിയും എന്നും വെളിവാക്കുന്നു.

കർത്താവ് അത്ഭുതകരമായി വെള്ളത്തെ വീഞ്ഞാക്കി മാറ്റിയത് അവൻ നമ്മുടെ മരണത്തെ ജീവനായി മാറ്റുന്നതിനെ സൂചിപ്പിക്കുന്നു. വെള്ളം മരണത്തെ സൂചിപ്പിക്കുന്നു. വീഞ്ഞ് ജീവനെ സൂചിപ്പിക്കുന്നു. കർത്താവ് നമ്മുടെ വെള്ളം വീഞ്ഞാക്കി മാറ്റുമ്പോൾ ഈ വീഞ്ഞ് നമ്മുടെ വിവാഹവിരുന്നിൽ ഒരിക്കലും അവസാനിക്കുകയില്ല. നമ്മെ വീണ്ടുംജനിപ്പിച്ചിരിക്കുന്നതുകൊണ്ട് ജീവൻ അതിന്റെ ആത്മീയ അസ്വാദനത്തോടുകൂടെ എന്നെന്നേക്കും നിലനിൽക്കും. നമുക്ക് ഒരിക്കലും അവസാനിക്കാത്ത നിത്യമായൊരു വിവാഹവിരുന്നുണ്ടായിരിക്കും. ഈ വിരുന്ന് നമ്മുടെ ആദ്യജീവനിലല്ല, വീണ്ടുംജനനത്തിലൂടെ നാം സ്വീകരിച്ച പുതുജീവനിലാണ്. പഴയ വീഞ്ഞിനെക്കാൾ നല്ലത് പുതുവീഞ്ഞാണെന്ന് വിരുന്നുവാഴി കണ്ടുപിടിച്ചതുപോലെ(2:9-10), വീണ്ടുംജനനത്താൽ നമുക്ക് ലഭിച്ച ജീവനാണ് നമ്മുടെ സ്വാഭാവികജീവനെക്കാൾ വളരെ നല്ലതെന്ന് നാമും മനസ്സിലാക്കും. മോശം വീഞ്ഞ് സൂചിപ്പിക്കുന്ന നമ്മുടെ പഴയ ജീവൻ വളരെ താണ തരത്തിലുള്ളതായിരുന്നു. കർത്താവ് നമുക്ക് ഏറ്റവും നല്ലത്, ആദ്യമല്ല, അവസാനമാണ് നല്കിയത്. ഒന്നാമത്തെ മാനുഷികജീവൻ സൃഷ്ടിക്കപ്പെട്ട താണതരം ജീവനാണ്. രണ്ടാമത്തെ ജീവൻ ഏറ്റവും നല്ലതും ദിവ്യവും എന്നെന്നേക്കും നിലനിൽക്കുന്നതുമാണ്. ഈ ജീവനാണ് ഏറ്റവും നല്ലത്. എന്തുകൊണ്ടെന്നാൽ, ഈ ജീവൻ ക്രിസ്തുവിലുള്ള ദൈവത്തിന്റെതന്നെ ജീവനാണ്. അതുകൊണ്ട്, നമ്മുടെ സന്തോഷം എന്നന്നേക്കും നിലനിർത്തുവാൻ, ക്രിസ്തു നമ്മെ മരണത്തിൽനിന്ന് ജീവനിലേക്ക് മാറ്റിയതിനാൽ, നമുക്ക് നിത്യമായ ആസ്വാദനമുണ്ട്. അവൻ നമ്മുടെ എന്നേക്കുമുള്ള നിത്യജീവൻ ആയതിനാൽ, നമ്മുടെ ആസ്വാദനവും സന്തോഷവും എന്നുമെന്നേക്കും നിലനിർത്താൻ അവന് കഴിയും. നാം രക്ഷിക്കപ്പെട്ടപ്പോൾ ഒരു പുതിയ വിവാഹവിരുന്ന് ആരംഭിച്ചു. ഇത് ഒരിക്കലും അവസാനിക്കുകയില്ല. കർത്താവുതന്നെ ദിവ്യജീവനായി, ദിവ്യവീഞ്ഞായി, നമുക്കുള്ളതുകൊണ്ട്, എപ്പോഴും ഉള്ളിൽ സന്തോഷവും എപ്പോഴും ഉള്ളിൽ ഒരു വിവാഹവിരുന്നുമുണ്ട്.

നമുക്കെല്ലാവർക്കും ഇത്തരത്തിലുള്ള അനുഭവം ഉണ്ടായിട്ടുണ്ട്. രക്ഷിക്കപ്പെടുന്നതിനു മുമ്പ് നാം എല്ലാം മരണജലത്താൽ നിറഞ്ഞ കല്പാത്രങ്ങളായിരുന്നു. ഒരിക്കൽ "കർത്താവായ യേശുവേ,"എന്നു

നാം പറഞ്ഞു; അപ്പോൾ അവൻ വന്ന് നമ്മിലെ മരണജലത്തെ ജീവനാക്കിത്തീർത്തു. നാം നമ്മുടെ കാര്യം കർത്താവായ യേശുവിലേക്ക് തിരിച്ചാൽ നാം ഏതു തരത്തിലുള്ള മരണാവസ്ഥയിലായാലും അവൻ ആ മരണത്തെ ജീവനാക്കിത്തീർക്കും. ഉദാഹരണത്തിന്, ക്രിസ്തീയ ഭാര്യാഭർത്താക്കന്മാർ പോലും തങ്ങളുടെ വിവാഹ ജീവിതത്തിൽ തങ്ങളുടെ വിവാഹത്തിലെ ജീവൻ തീർന്നുപോകുന്ന ഒരു ഘട്ടത്തിൽ എത്തിച്ചേർന്നേക്കാം. അവരുടെ വിവാഹജീവിതത്തിൽ അവർക്ക് മുമ്പോട്ടു പോകുവാൻ സാധിക്കുകയില്ല എന്നു തോന്നും. എന്നിരുന്നാലും, അവർ കർത്താവായ യേശുവിലേക്ക് തിരിയുന്നുവെങ്കിൽ അവർ ആ മരണം ജീവനായി മാറ്റും. പല വിവാഹങ്ങളിലും കർത്താവ് മരണജലത്തെ ജീവനുള്ള വീഞ്ഞാക്കി മാറ്റിയിട്ടുണ്ട്.

## D. അടയാളങ്ങളുടെ ആരംഭം

### *1. ഈ സുവിശേഷത്തിൽ എല്ലാ അത്ഭുതങ്ങളെയും അടയാളങ്ങൾ എന്നു വിളിച്ചിരിക്കുന്നു*

ഈ പുസ്തകത്തിൽ കർത്താവ് ചെയ്ത എല്ലാ അത്ഭുതങ്ങളെയും അടയാളങ്ങളെന്ന് വിളിച്ചിരിക്കുന്നു(2:23; 3:2; 4:54; 6:2,14,16,30; 14:26, 30; 7:31; 9:16; 10:41; 11:47; 12:18,37; 20:30). അവ അത്ഭുതങ്ങളാണെങ്കിലും, ജീവന്റെ കാര്യത്തെ സൂചിപ്പിക്കുവാൻ അടയാളങ്ങളായി അവയെ ഉപയോഗിച്ചിരിക്കുന്നു. ആധികാരിക ഭാഷ്യത്തിൽ "അത്ഭുതങ്ങൾ"എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്, ഗ്രീക്കിൽ"അടയാളങ്ങൾ"എന്ന വാക്കാണ്. ഒരു അടയാളം എന്തിനെയെങ്കിലും സൂചിപ്പിക്കുന്ന ഒന്നാണ്. ഉദാഹരണമായി, ചുവപ്പു വെളിച്ചം നമ്മോട് നിൽക്കുവാൻ പറയുന്ന ഒരു അടയാളമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, കർത്താവായ യേശു ചെയ്ത, എല്ലാ അത്ഭുതങ്ങളും, അത്ഭുതങ്ങൾ മാത്രമല്ല അടയാളങ്ങൾകൂടി ആയിരുന്നു.

### *2. ആദ്യസൂചന എന്ന തത്ത്വം*

തിരുവെഴുത്തുകളിൽ എന്തിന്റെയെങ്കിലും ആദ്യസൂചന ആ പ്രത്യേക വിഷയത്തെ സംബന്ധിച്ച തത്ത്വം അവതരിപ്പിക്കുന്നു. അതുകൊണ്ട്, തുടർന്നു വരുന്ന എല്ലാ അടയാളങ്ങളുടെയും തത്ത്വമായാണ് ഇവിടെ മരണത്തെ ജീവനാക്കി മാറ്റുക എന്ന ആദ്യത്തെ അടയാളം അവതരിപ്പിക്കുന്നത്. കർത്താവ് വെള്ളം വീഞ്ഞാക്കി മാറ്റുന്നത് ജീവന്റെ തത്ത്വത്തെ, മരണത്തെ ജീവനാക്കി മാറ്റുന്നതിനെ, സ്ഥാപിക്കുന്നു. ഇത് ആദ്യത്തെ അടയാളമായതിനാൽ ഇതിൽ സ്ഥാപിച്ചിരിക്കുന്ന ജീവന്റെ തത്ത്വം മറ്റെല്ലാ സംഭവങ്ങളിലും പ്രയോഗിക്കുവാൻ കഴിയും. ഉദാഹരണത്തിന്, ഇത് മരണം നിറഞ്ഞ ഒരു വ്യക്തിയായ, നിക്കോദെമോസിൽ പ്രയോഗിക്കുവാൻ കഴിയും. അവന് ദൈവംതന്നെയായ നിത്യജീവൻ ഉണ്ടാകേണ്ടതിന് വീണ്ടുംജനനം ആവശ്യമായിരുന്നു.

ഈ തത്ത്വം നാലാം അദ്ധ്യായത്തിലെ ശമര്യക്കാരി സ്ത്രീയുടെ കാര്യത്തിലും നമുക്ക് പ്രയോഗിക്കാം. ആനന്ദവും ആസ്വാദനവും നിറഞ്ഞ ഒരു ജീവിതം ശമര്യക്കാരി സ്ത്രീക്ക് ഉണ്ടായിരുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഇല്ല, എന്നാൽ കർത്താവ് അവളുടെ ജീവിതത്തിലേക്ക് വന്ന് അവൾക്ക് മാറ്റം വരുത്തി. ആ സ്ത്രീ, തന്റെ മാനുഷികാസ്വാദനത്തിന്റെ വീഞ്ഞു തീർന്നുപോയ കേവലം ഒരു ഒഴിഞ്ഞ പാത്രമായിരുന്നു. അവൾ അഞ്ചു ഭർത്താക്കന്മാരെ പരീക്ഷിച്ചുനോക്കി. എന്നാൽ ഒടുവിൽ വീഞ്ഞില്ലാതെ അവളുടെ മാനുഷികാസ്വാദനം അവസാനിച്ചു. മാനുഷിക സന്തോഷങ്ങളുടെ വീഞ്ഞ് ആസ്വദിക്കുവാൻ അവൾ പരമാവധി ശ്രമിച്ചിരുന്നുവെങ്കിലും, അവസാനം അവൾക്ക് ശൂന്യതയും മരണവും മാത്രം അനുഭവപ്പെട്ടു. അപ്പോൾ കർത്താവ് ആ മരണത്തെ ജീവനിലേക്ക് തിരിച്ച് തന്റെ നിത്യജീവന്റെ ദിവ്യവീഞ്ഞിനാൽ അവളെ നിറച്ചു.

അഞ്ചാം അദ്ധ്യായം കാണിക്കുന്നത് മുപ്പത്തെട്ടു വർഷമായി രോഗി ആയിരുന്ന ഒരു മനുഷ്യനെയാണ്. വീഞ്ഞു തീർന്നുപോയി എന്ന് അവന്റെ അസുഖം കാണിച്ചു. എന്നാൽ അവന്റെ മരണത്തെ ജീവനാക്കിത്തീർക്കുവാൻ കർത്താവ് വന്നു. അവൻ രോഗി മാത്രമല്ല, മരിച്ചവനുമായിരുന്നു, കാരണം പിന്നീട് 25-ാം വാക്യത്തിൽ മരിച്ചവർ തന്റെ ശബ്ദം കേട്ട് ജീവിക്കും എന്ന് കർത്താവ് പറഞ്ഞു. അവൻ കർത്താവിനാൽ സൗഖ്യമാക്കപ്പെട്ട ഒരു രോഗി മാത്രമല്ല, കർത്താവിനാൽ ഉയിർപ്പിക്കപ്പെട്ട ഒരു മരിച്ച മനുഷ്യനും ആയിരുന്നു. അവൻ മതത്തിൽ ദുർബലനും മരിച്ചവൻപോലും ആയിരുന്നു. മതം തികച്ചും നല്ലത് ആയിരുന്നാലും അതിന് ഊർജ്ജം ആവശ്യമാണ്. മരിച്ച ഒരു മനുഷ്യന് എങ്ങനെ ഊർജ്ജം ഉണ്ടാകും? അവന്റെ വീഞ്ഞു തീർന്നുപോയതിനാൽ, ഫലത്തിൽ, മതംകൊണ്ട് അവന് ഒരു പ്രയോജനവും ഇല്ലാതായി. എന്നാൽ ആദ്യത്തെ അടയാളത്തിൽ കാണുന്നതുപോലെ, കർത്താവ് മരണത്തെ ജീവനാക്കിത്തീർക്കുന്ന തത്ത്വം പ്രയോഗിക്കാൻ വന്നു.

നമുക്ക് ഈ തത്ത്വം മറ്റുള്ള സംഭവങ്ങളിലും പ്രയോഗിക്കാം. ആറാം അദ്ധ്യായത്തിലെ ജനക്കൂട്ടത്തിന്റെ വിശപ്പ്, അവരുടെ മാനുഷികാസ്വാദനം അതിന്റെ അവസാനത്തിലേക്ക് വന്നുവെന്ന് വെളിപ്പെടുത്തുന്നു; എന്നാൽ കർത്താവ് ജീവന്റെ അപ്പമായി അവരുടെ അരികിലേക്ക് വന്നു. ആസ്വാദനത്തിന്റെ വീഞ്ഞ് തീർന്നുപോയ ഒരുവളായിരുന്നു എട്ടാം അദ്ധ്യായത്തിലെ പാപിനിയായ സ്ത്രീയും. ഒമ്പതാം അദ്ധ്യായത്തിലെ അന്ധനായ മനുഷ്യനും മാനുഷിക ജീവിതത്തിലെ ആസ്വാദനം ഉണ്ടായിരുന്നില്ല. പതിനൊന്നാം അദ്ധ്യായത്തിലെ ലാസറിന്റെ സംഭവത്തിൽ ഇത് സവിശേഷമായി സത്യമാണ്. ലാസറിന്റെ വിഷയത്തിലെ പ്രധാന കാര്യങ്ങൾ, തത്ത്വത്തിൽ, ആദ്യത്തെ സംഭ

വമായ കാനാവിലെ വിവാഹവിരുന്നിലേതുപോലെതന്നെ ആണ്. ആദ്യവിഷയത്തിൽ വിവാഹവിരുന്നിൻെറ ആസ്വാദനമുണ്ടായിരുന്നു. ലാസറിന്റെ വിഷയത്തിൽ ലാസറും അവൻെറ രണ്ടു സഹോദരിമാരും തമ്മിലുള്ള കുടുംബസ്നേഹത്തിന്റെ സന്തോഷമുണ്ടായിരുന്നു. വിവാഹവിരുന്നിൽ വീഞ്ഞു തീർന്നുപോയി; ലാസറിന്റെ വിഷയത്തിൽ മാനുഷിക ജീവിതം തീർന്നുപോയി. ലാസർ മരിച്ചു; അത് മാനുഷിക ജീവിതത്തിലെ വീഞ്ഞു തീർന്നുപോയി എന്നു സൂചിപ്പിക്കുന്നു. രണ്ടു സംഭവത്തിലും ജീവന്റെ തത്ത്വം നിസ്സംശയം ഒരുപോലെയാണ്; രണ്ടു സാഹചര്യങ്ങളിലും കർത്താവു വന്ന് മരണത്തെ ജീവനാക്കി മാറ്റി. അതുകൊണ്ട് വെള്ളം വീഞ്ഞാക്കി മാറ്റുന്ന സംഭവത്തിൽ സ്ഥാപിച്ചിരിക്കുന്ന ജീവന്റെ തത്ത്വം യോഹന്നാന്റെ സുവിശേഷത്തിലെ എല്ലാ സംഭവങ്ങളിലും പ്രയോഗിക്കാവുന്നതാണ്.

ആലങ്കാരികമായി പറഞ്ഞാൽ, തിരുവെഴുത്തുകളിൽ ഉല്പത്തി 2:9-ലും 17-ലും വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, അറിവിൻ വൃക്ഷം മരണത്തിന്റെ ഉറവിടവും ജീവവൃക്ഷം ജീവന്റെ ഉറവിടവുമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ സംഭവങ്ങളിലുമുള്ള സൂചിതാർത്ഥം എല്ലായ്പ്പോഴും തത്ത്വത്തിൽ ജീവന് ഹേതുകമായ ജീവവൃക്ഷത്തിനും, മരണത്തിന് ഹേതുകമായ അറിവിന്റെ വൃക്ഷത്തിനും ഒത്തവണ്ണമാണ്.

### *3. അവന്റെ തേജസ്സിനെ വെളിപ്പെടുത്തുന്നു*

യേശു ഇത് അടയാളങ്ങളുടെ ആരംഭമായി ഗലീലിയയിലെ കാനാവിൽ വച്ച് ചെയ്ത് തന്റെ മഹത്ത്വം വെളിപ്പെടുത്തുകയും, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിക്കുകയും ചെയ്തു എന്ന് പതിനൊന്നാം വാക്യം പറയുന്നു. കർത്താവ് മരണത്തെ ജീവനാക്കി മാറ്റിയതിൽ അവന്റെ ദിവ്യത്വം വെളിപ്പെടുത്തപ്പെട്ടു.

## E. യേശുവിന്റെ അമ്മ സ്വാഭാവിക മനുഷ്യനെ സൂചിപ്പിക്കുന്നു

ഇവിടെ യേശുവിന്റെ അമ്മ, മറിയ സ്വാഭാവിക മനുഷ്യനെ സൂചിപ്പിക്കുന്നു; അതിന് ജീവനുമായി ഒരു ബന്ധവുമില്ല; അത് ദിവ്യജീവനാൽ കീഴ്പ്പെടേണ്ടതുമാണ്(വാ.3-5). വീഞ്ഞ് തീർന്നപ്പോൾ സ്വാഭാവിക മനുഷ്യൻ വെളിയിൽ വരുകയും കർത്താവിനോട് പ്രാർത്ഥിക്കുകപോലും ചെയ്തു."അവർക്ക് വീഞ്ഞ് ഇല്ല,"എന്ന് മറിയ കർത്താവിനോട് പറഞ്ഞപ്പോൾ അവൻ അവളോട് പറഞ്ഞു,"സ്ത്രീയേ, എനിക്ക് നിന്നോട് എന്താണ് കാര്യം? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല"(വാ.3-4). പലപ്പോഴും നാം യേശുവിന്റെ അമ്മയെപ്പോലെതന്നെയാണ്. നാം ഇന്നത്തെ മറിയയാണ്; നമ്മുടെ സ്വാഭാവിക ജീവൻ അനുസരിച്ച് സ്വാഭാവിക മനുഷ്യനെപ്പോലെ പ്രാർത്ഥിക്കുന്നു.

മരണത്തെ ജീവനാക്കി മാറ്റുവാനുള്ള അവസരം ലഭിക്കുവാനായി ചില പ്രത്യേക സാഹചര്യങ്ങളിൽ കൂടെക്കൂടെ വീണ്ടു തീർന്നുപോകുവാൻ കർത്താവ് അനുവദിക്കും. ഒരു സ്ഥലംസഭയിൽപോലും മരണത്തിലേക്ക് പോകുവാനുള്ള സാഹചര്യം കർത്താവ് അനുവദിച്ചേക്കാം. ഇത്തരം സാഹചര്യത്തിൽ സ്വാഭാവിക മനുഷ്യൻ ഇങ്ങനെ പ്രാർത്ഥിക്കും,"കർത്താവേ, ഈ സാഹചര്യത്തിൽനിന്ന് വിടുവിക്കുവാൻ എന്തെങ്കിലും ചെയ്യണമേ." നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുന്നുവെങ്കിൽ കർത്താവ് നിങ്ങളോട് തിരിച്ചു പറയും,"എനിക്ക് നിന്നോട് എന്താണ് കാര്യം? ഈ കാര്യത്തിൽ നിനക്കു എന്നോടു ഒരു കാര്യവുമില്ല."നാം മിക്കവരും മറിയ ചെയ്തതുപോലെതന്നെ ചെയ്യും. അപ്പോൾ നാം എന്താണ് ചെയ്യേണ്ടത്? നാം ഒന്നും ചെയ്യരുത്. മരണം ഉപരിതലത്തിൽ വന്നു വെളിപ്പെടട്ടെ, അപ്പോൾ കർത്താവായ യേശു കടന്നുവരും.

നമ്മുടെ പല പ്രാർത്ഥനകളും ഉത്തരം ലഭിക്കാതെ പോയിട്ടുണ്ടെന്ന് നാം സമ്മതിക്കണം. ഉദാഹരണമായി, വിവാഹിതരായ അനേക സഹോദരന്മാർ അവരുടെ ഭാര്യമാർക്കുവേണ്ടി,"കർത്താവേ, നീ എന്റെ ഭാര്യയെ അറിയുന്നു. കർത്താവേ, നീ അവളെ മാറ്റിയെടുക്കണം,"എന്ന് കർത്താവിനോട് പറഞ്ഞുകൊണ്ട് പ്രാർത്ഥിച്ചിട്ടുണ്ട്. എന്തു തരത്തിലുള്ള പ്രാർത്ഥനയാണിത്? ഇത് മറിയയുടെ പ്രാർത്ഥനയാണ്. സ്വാഭാവിക മനുഷ്യന്റെ പ്രാർത്ഥനയാണ്. ഇതുപോലെ പ്രാർത്ഥിക്കരുത്. നിങ്ങളുടെ ഭാര്യയിലെ മരണം ഉപരിതലത്തിലേക്ക് വരട്ടെ. ലാസർ മരിച്ച് അടക്കപ്പെടട്ടെ. അപ്പോൾ കർത്താവായ യേശു വന്ന് അവനെ മരണത്തിൽനിന്ന് ഉയിർപ്പിക്കും. നിങ്ങളുടെ ഭാര്യ ലാസറിനെപ്പോലെ മരിച്ച് അടക്കപ്പെട്ട് ചീയുവാൻ തുടങ്ങട്ടെ. നിങ്ങൾ ഇതു ചെയ്യുമെങ്കിൽ കർത്താവായ യേശു വന്ന് മരണത്തെ ജീവനാക്കി മാറ്റും.

വ്യക്തികളിൽനിന്നോ, സഭകളിൽനിന്നോ പലപ്പോഴും എനിക്ക് കത്തുകൾ ലഭിച്ചിട്ടുണ്ട്. അവർ സഹായത്തിനുവേണ്ടി കരഞ്ഞുകൊണ്ട്"സഹോദരാ ഞങ്ങൾ ദുർബലരാണ്. ദയവായി വന്നു ഞങ്ങളെ സഹായിക്കുക,"എന്നു പറയുന്നു. അത്തരത്തിലുള്ള കത്തു കിട്ടിയപ്പോഴെല്ലാം ഞാൻ പറഞ്ഞു,"നിങ്ങൾ ദുർബലരാണ്, പക്ഷേ നിങ്ങൾ ഇപ്പോഴും മരിച്ചിട്ടില്ല. നിങ്ങൾ മരിച്ചിട്ടുണ്ടെങ്കിൽപ്പോലും നിങ്ങൾക്കിപ്പോഴും നാറ്റം വച്ചു തുടങ്ങിയിട്ടില്ല." മരണാവസ്ഥ ഉപരിതലത്തിലേക്ക് വരുന്നതുവരെയും നാം കാത്തുനിൽക്കേണ്ട ആവശ്യമുണ്ട്. അപ്പോൾ കർത്താവായ യേശു വന്ന് മരണത്തെ ജീവനാക്കി മാറ്റും. കർത്താവ് എല്ലാ കാര്യങ്ങളും ചെയ്യുന്നത് മരണത്തെ ജീവനാക്കി മാറ്റുന്ന ഈ തത്ത്വമനുസരിച്ചാണ്.